# MY LORD, MY GOD

***Bulletin Irinjalakuda Diocese***

*P.B. No. 59, Irinjalakuda-680121*
*Phone : 2826830, 2826820*
*Website : www.irinjalakudadiocese.com*

*Book : 33 Volume : 1*

***January 2012***

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 04 |
| 3 | പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 06 |
| 4 | മതബോധനം | 09 |
| 5 | ബൈബിൾ അപ്പസ്തോലേറ്റ് | 11 |
| 6 | പാക്സ് | 11 |
| 7 | ബ്ലസ് എ ഹോം | 12 |
| 8 | സോഷ്യൽ ആക്ഷൻ | 14 |
| 9 | സഭാവാർത്തകൾ | 15 |
| 10 | സെന്റ് പോൾസ് മൈനർ സെമിനാരി | 17 |
| 11 | സംഘടനാവാർത്തകൾ | |
| | നവചൈതന്യ | 19 |
| | തിരുബാലസഖ്യം | 19 |
| | ബി.എൽ.എം. | 20 |
| | കരിസ്മാറ്റിക് മൂവ്മെന്റ് | 20 |
| | സി.എൽ.എ. | 21 |
| | സ്പിരിച്ചാലിറ്റി സെന്റർ | 22 |
| | ചെന്നൈ മിഷൻ | 23 |
| | സാൻജോ സദൻ | 23 |
| | അവാർഡ് | 24 |
| 12 | ഇടയന്റെ നാളെകൾ | 26 |
| 13 | ഇടയന്റെ ഇന്നലെകൾ | 27 |




Welcome

2
0
1
2

# ഇടയശബ്ദം



പ്രിയ സഹോദരവൈദികരെ, സ്നേഹസമർപ്പിതരെ, വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,

പുതുവർഷത്തിന്റെ പടിവാതിൽക്കലിലാണ് നാം. 2012, സമാധാനം നിറഞ്ഞ, അനുഗ്രഹദായകമായ വർഷമാകട്ടെ എന്നാണ് ആശംസയും പ്രാർത്ഥനയും. സമഗ്രതയിൽനിന്ന് പൂവിടുന്ന സ്വസ്ഥതയും സംയമനവുമാണ് സമാധാനം. സന്മനസ്സുള്ളവർക്ക് ദൈവം നൽകുന്ന സമ്മാനമാണ് സമാധാനം എന്ന് വിശുദ്ധ ഗ്രന്ഥം ഓർമ്മപ്പെടുത്തുന്നു.

അസമാധാനവും അശാന്തിയും അസഹിഷ്ണുതയും അനീതിയും അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന്. സ്വാർത്ഥപരമായ വ്യക്തിനേട്ടങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിലും മതത്തിന്റെ പേരിലും ചിന്താഗതികളുടെ വ്യത്യാസത്തിലും രാഷ്ട്രീയ നിലപാടുകളുടെ വൈരുദ്ധ്യത്തിലും സാമ്പത്തിക ഉച്ചനീചത്വങ്ങളുടെ പൊരുത്തക്കേടുകളിലും ഇത് വ്യക്തമായി തെളിഞ്ഞുനിൽക്കുന്നുണ്ട്. സ്വാർത്ഥതയും വിഭാഗീയതയും വർഗ്ഗീയതയും ഭീകരതയും മാത്സര്യവും മനുഷ്യജീവിതത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതുപോലെ ഇപ്പോൾ പ്രകടമാകുന്നു. മനുഷ്യൻ മനുഷ്യനല്ലാതാവുന്നു എന്നു മാത്രമല്ല, ചിലപ്പോൾ മൃഗങ്ങളെക്കാളും അധഃപതിക്കുന്ന വർത്തമാനകാഴ്ചകൾ കൊണ്ട് നമ്മെ അമ്പരപ്പിക്കുകയും ചെയ്യുന്നു. ഇവിടെ സമാധാനം സൃഷ്ടിക്കാനുള്ള ഉത്തരവാദിത്വമാണ് ഓരോ ക്രിസ്തുശിഷ്യന്റേതും. "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും" (മത്താ. 5:9). ആയിരിക്കുന്ന ഇടങ്ങളിലൊക്കെ സമാധാനത്തിന്റെ ദൂതന്മാരും സംസ്ഥാപകരുമാകാൻ വിളിക്കപ്പെട്ടവരെന്ന നിലയിൽ നമ്മുടെ പ്രവർത്തനമേഖലകളെ ക്രമീകരിക്കാൻ പുതുവർഷത്തിന്റെ ഈ ആദ്യപടികളിൽനിന്ന് നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

അനുരഞ്ജനത്തിന്റെ വഴികളാണ് സമാധാനപുനഃസ്ഥാപനത്തിന് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം. "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോടെന്തെങ്കിലും വിരോധം ഉണ്ടെന്ന്

അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽവച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24) എന്ന തിരുവചനം നമുക്ക് വഴികാട്ടിയാകണം. സ്നേഹത്തിന്റെ പ്രമാണം ജീവിതത്തിന്റെ അടിസ്ഥാനമായാൽ, ക്രിസ്തു സ്നേഹിച്ചതുപോലെ തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെയും ഉപാധികളില്ലാതെയും അതിരുകൾ വകവയ്ക്കാതെയും സ്നേഹിക്കാൻ തുടങ്ങിയാൽ, കുടുംബങ്ങളിലും സമൂഹങ്ങളിലും സമുദായങ്ങളിലും രാഷ്ട്രങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടുമെന്നുള്ളത് തീർച്ചയാണ്. അപരന്റെ നന്മയാകണം ആത്യന്തികമായി നമ്മുടെ ലക്ഷ്യം. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന സ്നാപകയോഹന്നാന്റെ ജീവിതശൈലി നമുക്ക് പിൻതുടരാൻ കഴിയട്ടെ.

അനുരഞ്ജനം സാധ്യമാക്കുന്ന വേദികൾ എല്ലായിടത്തും ഉണ്ടാകണം. ആദ്യകാലങ്ങളിൽ കുടുംബങ്ങളിലെ മുതിർന്നവരും സമൂഹങ്ങളിലെ ആദരിക്കപ്പെടുന്ന വ്യക്തികളും രാഷ്ട്രങ്ങളിലെ സമുന്നതരായ നേതാക്കളും സമാധാനം സൃഷ്ടിക്കുന്നതിന് പ്രതിഫലേച്ഛ കൂടാതെ ഉണർന്ന് പ്രവർത്തിച്ചിരുന്നു. എല്ലാവർക്കും സമ്മതനായ, മാതൃക നൽകുന്ന, വാക്കും പ്രവൃത്തിയും ഒരുപോലെ കൊണ്ടുനടക്കുന്ന അത്തരം നല്ല വ്യക്തികൾ ഇന്നിന്റെ ആവശ്യമാണ്. ഇങ്ങനെയുള്ളവരുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മകളിലും ഇടവകകളിലും സമൂഹത്തിലും അനുരഞ്ജന ഫോറങ്ങൾ രൂപീകരിക്കണം. നീതിന്യായ പീഠങ്ങളിലേക്ക് എത്തുന്നതിനുമുൻപ് പരാതികളും പ്രശ്നങ്ങളും ചർച്ചചെയ്യുന്നതിനും ഉചിതമായ പരിഹാരം കണ്ടെത്തുന്നതിനും അതുവഴി സാധിക്കും. കുടുംബപ്രശ്നങ്ങളും വ്യക്തികൾ തമ്മിലുള്ള തർക്കങ്ങളും സമുദായങ്ങൾക്കിടയിലുള്ള സ്പർദ്ധകളും രാഷ്ട്രീയ പ്രതിസന്ധികളും ഇങ്ങനെയുള്ള അനുരഞ്ജനവേദികൾ വഴിയായി പരിഹരിക്കാൻ ഈ വർഷത്തിൽ നമുക്ക് തീക്ഷ്ണതയോടെ പരിശ്രമിക്കാം.

"ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും" ആകാൻ ഈ പുതിയ വർഷത്തിൽ ഏവർക്കും സാധിക്കട്ടെ.

**പുതുവത്സരാശംസകളോടെ...!**



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

27. 12. 2011 ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

1 Taking into consideration the request dated 17.12.2011, by Reverend Deacon Vimal (Ignatius) Valiyaveettil of St. Thomas' Parish, Anathadam of the Eparchy of Irinjalakuda, expressing his unwillingness to assume the duties and responsibilities attached to the Sacred Order of Diaconate, Mar Pauly Kannookadan, the Bishop of Eparchy of Irinjalakuda by the Order No. 1384/11 dated 20.12.2011 has exempted him from exercising the Sacred Ministry of Diaconate with effect from 20.12.2011. Further Bishop has instructed him to submit the application to the Major Archbishop of the Syro-Malabar Church, for the dispensation from the obligation of clerical celibacy attached to the Sacred Order of Diaconate.

2. **സീറോമലബാർ മിഷൻ ഞായർ : 08.01.2012**
ദനഹാതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ ഞായർ. പ്രത്യേക പിരിവെടുത്ത് സംഖ്യ രൂപതാ പ്രൊക്കുറേറ്ററെ ജനുവരി മാസത്തിൽത്തന്നെ ഏല്പിക്കേണ്ടതാണ്.

3. **വൈദിക മാസധ്യാനം-നവവൈദികർക്ക് സ്വീകരണം :**
**ജനുവരി 5-ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണിക്ക് രൂപതാഭവനത്തിൽ**വച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

4. **സഭൈക്യവാരം :** ജനുവരി 18ന് ആരംഭിക്കുന്നു. വിവിധ ക്രൈസ്തവ സമൂഹങ്ങൾ ക്രിസ്തുവിൽ ഒന്നായിത്തീരാനും സഭാവിശ്വാസം ഉപേക്ഷിച്ചവർ തിരിച്ചുവരാനും ഈ സഭൈക്യ വാരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം.

5. **റിപ്പബ്ലിക് ദിനം - ജനുവരി 26 :** നമ്മുടെ മാതൃരാജ്യമായ ഭാരതത്തെ സ്വതന്ത്ര, പരമാധികാര രാഷ്ട്രമാക്കി പടുത്തുയർത്താൻ പരിശ്രമിച്ച ഭരണഘടനാ ശില്പികളെ നമുക്ക് ഓർക്കാം; മാതൃരാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കാം.

6. **ലോകസമാധാനദിനം - ജനുവരി 30 :** ഭാരതത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ സ്മരിച്ച് ലോകത്തിൽ സമാധാനവും ഐശ്വര്യവും പുലരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

7. **അമ്പുതിരുനാൾ :** ആദ്ധ്യാത്മിക ഉണർവ്വ് പകരുന്നതിന് സഹായകമായ രീതിയിൽ തിരുനാൾ നടത്തുമല്ലോ. രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് അമ്പുപ്രദക്ഷിണങ്ങളുടെ സമയനിഷ്ഠ പാലിക്കുവാനും അവ പൊതുനിരത്തുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുനാളാഘോഷത്തോടനുബന്ധിച്ച് ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളാത്ത ഗാനമേള, സിനിമാറ്റിക് ഡാൻസ്, മെഗാഷോ തുടങ്ങിയ കലാപരിപാടികൾ ഉപേക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തിരുനാളാഘോഷങ്ങൾക്കു വരുന്ന ചിലവുകളുടെ പത്ത് ശതമാനമെങ്കിലും നിർദ്ധനരായ രോഗികളുടെ ഡയാലിസിസിനായി ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയെ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
8. **തിരുനാൾ റിപ്പോർട്ട് :** പ്രധാന തിരുനാളുകൾ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് അയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക.
9 **വലിയ നോമ്പ് :** ഫെബ്രുവരി 19-ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. വിഭൂതി മുതൽ ഉയിർപ്പുഞായർ വരെ വിവാഹാഘോഷം മുടക്ക്.
10. **രൂപതാബുള്ളറ്റിൻ :** 2011-ലെ ബുള്ളറ്റിനുകൾ ഒന്നിച്ച് ബൈൻഡ് ചെയ്ത് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.
11. **പിരിവുകൾ :** 2011-ൽ വിവിധ ആവശ്യങ്ങൾക്കായി രൂപതയിലെ നിർദ്ദേശപ്രകാരം നടത്തിയിട്ടുള്ള പിരിവുകളുടെ സംഖ്യ രൂപതാ പ്രൊക്കുറേറ്ററുടെ പക്കൽ ഇനിയും ഏല്പിക്കാത്ത ഇടവകകൾ ഈ മാസത്തിൽത്തന്നെ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. തെരട്ടുഫീസ് നിശ്ചിത തിയ്യതിക്കുള്ളിൽ അടയ്ക്കാത്തവർ ഈ മാസം തന്നെ അത് തീർക്കേണ്ടതാണ്.
12. **പരിസ്ഥിതി സംരക്ഷണം :** പരിസ്ഥിതി സംരക്ഷണിക്കുക നമ്മുടെ കടമയാണല്ലോ. അതുകൊണ്ടുതന്നെ പരിസ്ഥിതി മലിനീകരണം തടയാനുള്ള എല്ലാ മാർഗ്ഗങ്ങളും നാം അവലംബിക്കണം. അതിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, കുടുംബങ്ങൾ എന്നിവ പ്രകൃതി മലിനീകരണം ഉണ്ടാക്കുന്ന വസ്തുക്കൾകൊണ്ട് നിർമ്മിക്കുന്ന ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ ഉപേക്ഷിക്കേണ്ടതാണ്.

ഇരിങ്ങാലക്കുട **മോൺ. ജോസ് ഇരിമ്പൻ**
22.12.2011 വികാരി ജനറാൾ

# ഇരിങ്ങാലക്കുട രൂപത 12-ാം പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളന റിപ്പോർട്ട്

2011 ഡിസംബർ 10-ാം തിയ്യതി രൂപതാഭവനത്തിൽവെച്ച് നടന്ന 12-ാം പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളന റിപ്പോർട്ട്.

രാവിലെ 10 മണിക്ക് CMC സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ ജന. സെക്രട്ടറി റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ നേതൃത്വം കൊടുത്തു കൊണ്ട് തുടങ്ങിയ യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റും രൂപതാ വികാരി ജനറലുമായ മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ സ്വാഗതം നേർന്നു. ഈ ക്രിസ്തുമസ് കാലത്ത് രക്ഷകനെ സ്വീകരിക്കാൻ ഒരുങ്ങുന്ന നാം രക്ഷകനുവേണ്ടി ഒരു നവയുഗം സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമാകണമെന്നും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയെന്നത് ക്രൈസ്തവന്റെ ധർമ്മമാണെന്നും പറഞ്ഞുകൊണ്ട് അഭിവന്ദ്യ പിതാവിനെയും വൈദികരേയും സിസ്റ്റേഴ്സിനേയും പാസ്റ്ററൽ കൗൺസിൽ മെമ്പർമാരെയും യോഗത്തിലേക്ക് അദ്ദേഹം സ്വാഗതം ചെയ്തതു.

തുടർന്ന് മാർ പോളി കണ്ണൂക്കാടൻ പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ കുടുംബകൂട്ടായ്മവർഷത്തെയും പ്രേഷിത വർഷത്തെയും കുറിച്ച് സംസാരിച്ചു. നാം ലക്ഷ്യം വച്ചിരിക്കുന്ന മൂല്യങ്ങൾ നേടിയെടുക്കാൻ കുടുംബകൂട്ടായ്മവർഷത്തിൽ കഴിഞ്ഞുവോയെന്ന് ആത്മശോധന ചെയ്യണമെന്നും പ്രേഷിതരായ നാം പ്രേഷിതവർഷത്തിൽ പ്രേഷിതരെ വാർത്തെടുക്കാൻ ശ്രമിക്കണമെന്നും പ്രാർത്ഥനയിലൂടെ പ്രേഷിതരെ സഹായിക്കണമെന്നും തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. കൂടാതെ തിരുനാളാഘോഷങ്ങൾ ആത്മീയത ഉണർത്തുന്നവയായിരിക്കണമെന്നും പ്രകൃതിയുമായി പൊരുത്തപ്പെടുന്ന ക്രൈസ്തവ ജീവിതശൈലി അനുവർത്തിക്കണമെന്നും ക്രിസ്മസ് ആഘോഷങ്ങൾ പരിസ്ഥിതി സൗഹാർദ്ദപരമാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ പ്രേഷിതവർഷത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച പങ്കുവയ്ക്കാനെത്തിയ റവ. ഫാ. മാത്യു എലുവുങ്ക

ലിനെ സദസ്സിന് പരിചയപ്പെടുത്തി. വി. തോമാശ്ലീഹായുടെ ചൈതന്യം ഉൾക്കൊണ്ട് പ്രേഷിതപ്രവർത്തനം നടത്തുവാനും തോമാശ്ലീഹ നൽകിയ ചൈതന്യം ഏറ്റെടുത്ത് അത് തലമുറകളിലേക്ക് പകർന്നുകൊടുക്കുവാനും റവ. ഫാ. മാത്യു എലുവുങ്കൽ തന്റെ ക്ലാസ്സിലൂടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ഓർമ്മിപ്പിച്ചു. റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തി. തുടർന്ന് റവ. ഡോ. പോളി പടയാട്ടി കുടുംബകൂട്ടായ്മാ വർഷത്തിലെ കർമ്മപരിപാടികളെക്കുറിച്ച് സദസ്സിന് വിവരിച്ചുകൊടുത്തു. സഭ ക്രിസ്തുവിൽ വിശ്വസിക്കുന്ന കാരുണ്യ മനസ്സുകളുടെ ഒത്തുചേരലാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം കുടുംബകൂട്ടായ്മയെക്കുറിച്ചുള്ള വിശകലനം ഉപസംഹരിച്ചു.

തുടർന്ന് മാർ പോളി കണ്ണൂക്കാടൻ പിതാവ് ക്രിസ്തുമസ് മംഗളങ്ങൾ ആശംസിക്കുകയും കേക്ക് മുറിക്കുകയും രൂപതാ ഡയറിയും ഗ്രീറ്റിംഗ് കാർഡും വിതരണം ചെയ്യുകയും ചെയ്തു. പിന്നീട് അഭിവന്ദ്യ പിതാവ് മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള ആശങ്ക പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ അറിയിക്കുകയും സെക്രട്ടറി ശ്രീ. ജോസ് ജെ. കാളൻ മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള പ്രമേയം അവതരിപ്പിക്കുകയും യോഗത്തിന്റെ അനുമതിയോടെ പാസ്സാക്കുകയും ചെയ്തു. ഈ വിഷയത്തിനോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എല്ലാവരും രൂപതാഭവനത്തിനു മുൻപിൽ മനുഷ്യമതിൽ തീർത്തു. അതിനുശേഷം എല്ലാവരും ചാപ്പലിൽ ഒത്തുചേർന്ന് ദിവ്യകാരുണ്യ ആരാധനയിൽ പങ്കുചേർന്നു. പിന്നീട് ഉച്ചഭക്ഷണത്തിനുശേഷമുള്ള യോഗത്തിൽ മിഷൻ ഞായറിന്റെ കളക്ഷനെക്കുറിച്ച് മോൺ. ഡേവിസ് അമ്പൂക്കൻ വിവരിക്കുകയും മിഷൻ സൺഡേയിൽ സമ്മാനാർഹരായ പള്ളികൾക്കും സ്ഥാപനങ്ങൾക്കും അഭിവന്ദ്യ പിതാവ് ട്രോഫികളും അവാർഡുകളും നൽകുകയും ചെയ്തു.

മേഴ്സി ട്രസ്റ്റിനെക്കുറിച്ച് രൂപതാ ചാൻസലർ റവ. ഡോ. ക്ലമന്റ് ചിറയത്ത് ചെറുവിവരണം നൽകി. മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ ഇടവക രൂപീകരണത്തിനുള്ള മാനദണ്ഡങ്ങളെക്കുറിച്ചും കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തൽ നടത്തി. തുടർന്ന് 10 ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ ഈ വിഷയങ്ങളെക്കുറിച്ച്

ഫൊറോന തലത്തിൽ നടത്തിയ ചർച്ചകളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു. റവ. ഫാ. വർഗ്ഗീസ് അരിക്കാട്ട് ബ്ലസ് എ ഹോമിനെക്കുറിച്ചും റവ. ഡോ. ആന്റു ആലപ്പാടൻ സഹൃദയ കോളേജിന്റെ ദശവത്സര സ്മാരകമായി ആരംഭിക്കുന്ന "സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിനെ" സംബന്ധിച്ചും റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ കൊടുങ്ങല്ലൂർ റിസർച്ച് അക്കാഡമിയുടെ നേതൃത്വത്തിൽ നടത്തുന്ന ഉപന്യാസ മത്സരങ്ങളെക്കുറിച്ചും കൗൺസിൽ അംഗങ്ങളെ അറിയിച്ചു.

അനന്തരം പിതാവിന്റെ സമാപന പ്രസംഗത്തിൽ വി. കുർബാനയിൽ പൊതുവായി അനുവർത്തിക്കേണ്ട ക്രമങ്ങളെക്കുറിച്ച് യോഗത്തെ അറിയിച്ചു. തിരുനാളുകൾക്ക് ചെലവാക്കുന്നതിന്റെ 10% പാവപ്പെട്ട രോഗികൾക്ക് ഡയാലിസിസിനായി നീക്കി വെക്കണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മലിനീകരണം ഒഴിവാക്കാൻ ആഘോഷങ്ങളിൽനിന്ന് ഫ്ളക്സ് ബോർഡുകൾ ഇല്ലാതാക്കാൻ പരിശ്രമിക്കണമെന്ന് ആവശ്യപ്പെട്ടു. മിഷനറിയായ സി. വത്സ ജോൺ സാമൂഹ്യനീതിക്കുവേണ്ടി പ്രയത്നിച്ചതിന്റെ പേരിൽ ദാരുണമായ മരണം വരിക്കേണ്ടി വന്നതിൽ ദുഃഖം രേഖപ്പെടുത്തുകയും ഒരു മിനിട്ട് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു. അടുത്ത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് 2012 മാർച്ച് 10-ാം തിയ്യതി കൂടാമെന്ന് തീരുമാനിച്ചു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ഡോ. സുധ വളവിയുടെ നന്ദി പ്രകടനത്തോടും അഭിവന്ദ്യ പിതാവന്റെ ആശീർവ്വാദത്തോടുംകൂടി യോഗം സമാപിച്ചു.

ജന. സെക്രട്ടറി
**റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**

സെക്രട്ടറി
**ശ്രീ. ജോസ് ജെ. കാളൻ**

ജോ. സെക്രട്ടറി
**ഡോ. സുധ ജോർജ്ജ് വളവി**

**ദൈവത്തിന് യാഗമർപ്പിക്കുവാനായി കുഞ്ഞാടിനെ വെളിയിൽ തേടേണ്ട കാര്യമില്ല. അവനവനുള്ളിൽത്തന്നെയുണ്ട് ക്രൂശിക്കപ്പെടേണ്ട ബലിവസ്തു** (വി. അഗസ്റ്റിൻ).

# മതബോധനം

1. **മതബോധന വാർഷിക പരീക്ഷ :**

| ക്ലാസ്സ് | തിയ്യതി | സമയം |
|---|---|---|
| X, XI, XII | ഫെബ്രുവരി 5 | 2-4 pm |
| VI, VII, VIII, IX | ഫെബ്രുവരി 12 | 2-4 pm |
| I, II, III, IV, V | ഫെബ്രുവരി 19 | 2-4 pm |

2. **മതാദ്ധ്യാപക പരീക്ഷ :-** ഫെബ്രുവരി 26 ഞായർ. സമയം 11am to 12.30 pm

   N.B. മതാദ്ധ്യാപകർക്കുള്ള പഠനസഹായി ജനുവരി 15 മുതൽ വിദ്യാജ്യോതിയിൽനിന്നും ലഭിക്കുന്നതാണ്. വില 5 രൂപ.

3. **പ്രധാനാദ്ധ്യാപക സമ്മേളനം :** ഫെബ്രുവരി 4 ശനിയാഴ്ച 10 am മുതൽ 2 pm വരെ.

   N.B. എല്ലാ വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ അന്നേദിനം മതബോധനകേന്ദ്രത്തിൽനിന്നും കൊണ്ടുപോകാവുന്നതാണ്. എല്ലാ പ്രധാനാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇതിൽ സംബന്ധിക്കുവാൻ കഴിയാത്തപക്ഷം ഉത്തരവാദിത്വമുള്ള ആരെയെങ്കിലും പങ്കെടുപ്പിക്കേണ്ടതാണ്.

4. X, XII ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തിയവരുടെ രജി. നമ്പർ ജനുവരി 23-ാം തിയ്യതി മുതൽ കൊടുത്തു തുടങ്ങുന്നതാണ്.

5. **പ്രൈവറ്റ് രജിസ്ട്രേഷൻ** : ജനുവരി 26-ാം തിയ്യതി X, XI, XII ക്ലാസ്സുകളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ മൂന്നാമത്തെ ക്ലാസ്സ് ചാലക്കുടി, ഇരിങ്ങാലക്കുട മേഖലകളിൽവച്ച് നടക്കുന്നതാണ്.

6 **XII Convention :** Blessing 2011 ഏറ്റവും വിജയകരമാക്കുവാൻ +2 വിദ്യാർത്ഥികളെ ഒരുക്കിവിട്ട എല്ലാ യൂണിറ്റ് വികാരിമാർക്കും പ്രധാനാദ്ധ്യാപകർക്കും സഹകരിച്ച മറ്റെല്ലാ അദ്ധ്യാപകർക്കും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി.

7 **ഗ്രെയ്സ് ഫെസ്റ്റ് 2012 :** ഏവർക്കും അറിയാവുന്നതുപോലെ ഈ വർഷവും ഗ്രെയ്സ് ഫെസ്റ്റിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരി

ക്കുന്നു. നേരത്തെതന്നെ എല്ലാ ഇടവകകളിലും ഗ്രെയ്സ്ഫെസ്റ്റ് നടത്താനുള്ള ഒരുക്കങ്ങളും പ്ലാനുകളും തയ്യാറാക്കുമല്ലോ. ഗ്രെയ്സ് ഫെസ്റ്റ് നടത്താനുള്ള തിയ്യതികളെക്കുറിച്ച് വൈദികസമ്മേളനത്തിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ഈസ്റ്റർ കഴിഞ്ഞുവരുന്ന 10-ാം തിയ്യതി മുതൽ 14-ാം തിയ്യതിവരെയോ, 16-ാം തിയ്യതി മുതൽ 20-ാം തിയ്യതി വരെയോ നടത്താവുന്നതാണ്. ഈ ദിവസങ്ങളിൽ ബഹു. ശമ്മാശന്മാരുടെ സേവനം സാധ്യതയനുസരിച്ച് ലഭിക്കുന്നതിന് മൈനർ സെമിനാരി റെക്ടർ ബഹു. വർഗ്ഗീസ് പാലത്തിങ്കലച്ചനെ സമീപിക്കേണ്ടതാണ്.

8 **താലന്ത് രജിസ്ട്രേഷൻ** : 2012-2013 അദ്ധ്യയനവർഷത്തെ മതാദ്ധ്യാപക പരീക്ഷ താലന്ത് മാസികയിൽ നിന്നായിരിക്കും. പേരും അഡ്രസ്സും പിൻകോഡും കൃത്യമായി വിദ്യാജ്യോതിയിൽ നൽകേണ്ടതാണ്. വ്യക്തിപരമായും നേരിട്ട് (പി.ഒ.സി.യിലേക്ക്) അടയ്ക്കാവുന്നതാണ്.

## DAILY CATECHISM & MORAL SCIENCE

1 **വാർഷികപരീക്ഷ**

X, XI, XII 2012 ജനുവരി 10 ചൊവ്വ

I - IX 2012 ജനുവരി 17 ചൊവ്വ

NB. ജനുവരി 7 വെള്ളിയാഴ്ച മുതൽ ചോദ്യപേപ്പറുകൾ സ്ക്കൂളിലേക്ക് കൊണ്ടുപോകാവുന്നതാണ്. ഇതോടൊപ്പം ചോദ്യപേപ്പറുകളുടെ തുക അടയ്ക്കേണ്ട കാര്യവും ഓർമ്മപ്പെടുത്തുന്നു. 1 പേപ്പറിന് 1 രൂപ വീതം.

2 **സ്കോളർഷിപ്പ് :** Std IV, VII, X, XII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി മാർച്ച് 12 ശനിയാഴ്ച വരെയായിരിക്കും.

വാർഷികപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 3 കുട്ടികൾക്കേ അർഹതയുള്ളൂ.

പരീക്ഷ ഏപ്രിൽ 18 ബുധൻ. സമയം 9.30 am-11.30 am

NB: ഈ വർഷം മുതൽ XII-ാം ക്ലാസ്സുകാർക്കും സ്കോളർഷിപ്പ് പരീക്ഷയായിരിക്കും.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ബൈബിൾ അപ്പസ്തോലെറ്റ്

2011-ലെ ലോഗോസ് ക്വിസിന്റെ അവാർഡ്ദാനചടങ്ങ് ഏറ്റവും മനോഹരമാക്കിയതിന് ഏവർക്കും നന്ദി. POC-യിൽനിന്ന് സമ്മാനങ്ങൾ കിട്ടാത്തതുകൊണ്ട് അവാർഡ്ദാനചടങ്ങിന്റെ അന്ന് യൂണിറ്റുകളിലേയ്ക്കുള്ള സമ്മാനങ്ങൾ തരാൻ സാധിച്ചില്ല. ജനുവരി 9-ാം തിയ്യതിമുതൽ ഫെബ്രുവരി 5-ാം തിയ്യതി വരെ ഇവിടെനിന്ന് സമ്മാനങ്ങൾ കൊണ്ടുപോകാവുന്നതാണ്.

വെളയനാട് സെന്റ് മേരീസ് ഇടവകയിൽനിന്നും ലോഗോസ് പരീക്ഷയ്ക്ക് 8-ാം റാങ്ക് കരസ്ഥമാക്കിയ Jeldrin Marottikkal 13-ാം റാങ്ക് കരസ്ഥമാക്കിയ Beena Alappadan, 15-ാം റാങ്ക് കരസ്ഥമാക്കിയ Jeltin Marottikkal ന്റെയും, സർട്ടിഫിക്കറ്റിന് അർഹമായവരുടെയും പേരുകൾ ബുക്ക്ലെറ്റിൽ വെള്ളിക്കുളങ്ങര എന്നതിനുപകരം വെളയനാട് എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## പാക്സ്

1 **പ്രീ - കാന :** ജനുവരി 2, 3, 4; 9, 10, 11; 16, 17, 18; 23, 24, 25; 30, 31, ഫെബ്രുവരി 1

NB: 2012 ജനുവരി മുതൽ രജി. ഫീസ് 600 രൂപയായിരിക്കും.

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

**ഇതാ ക്രിസ്തു, ഇവിടെ അല്ലെങ്കിൽ അവിടെ എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം, കള്ള ക്രിസ്തുമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കും വിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും. ഇതാ ഞാൻ മുൻകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.**
(മത്താ. 24:23-25)

# ബ്ലസ് എ ഹോം
## ഒരു വീടിനെ അനുഗ്രഹിക്കൂ

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ 73,29,000 രൂപ നൽകിയിട്ടുണ്ട്.

**ബ്ലസ് എ ഹോം പദ്ധതിയിൽ 1 ലക്ഷംപേരുടെ സ്പോൺസർഷിപ്പ്**

ബ്ലസ് എ ഹോം പദ്ധതിയിലേക്ക് കൂടുതൽ പേരെ സ്പോൺസർഷിപ്പ് ആയി ഉൾപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട് 100 രൂപയുടെ സ്പോൺസർ കൂപ്പൺ പ്രസിദ്ധീകരിച്ചു. ആയതിന്റെ ഉദ്ഘാടനകർമ്മം ഡിസംബർ 3-ാം തിയ്യതി രൂപതാഭവനത്തിൽവച്ച് ബ്ലസ് എ ഹോം ബോർഡ് ഓഫ് ട്രസ്റ്റിയും, ഇടവകകളിൽനിന്നുള്ള ആനിമേറ്റേഴ്സും ഒത്തുചേർന്ന പൊതുയോഗത്തിൽ വച്ച് അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ ഇരിങ്ങാലക്കുട കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോബി പൊഴോലിപറമ്പിൽ, വൈസ് പ്രസിഡന്റ് ജിജി മാമ്പിള്ളി, കത്തീഡ്രൽ ആനിമേറ്റർ സെബാസ്റ്റ്യൻ മാളിയേക്കൽ എന്നിവർക്ക് 10,000 സ്പോൺസർ കൂപ്പൺ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. ഇനിയും ഒത്തിരി പേരുടെ നല്ല മനസ്സുണ്ടെങ്കിൽ കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ സാധിക്കും.

### സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Palathingal Poulose Jose, Kattoor | 7,000 |
| 2 | Mr. George D. Das Palathingal, Kattoor | 7,000 |
| 3 | A Wellwisher | 50,000 |
| 4 | Mrs. Mary Ligory Chalissery, Kaipamangalam | 30,000 |
| 5 | Mrs. Bini Saju Kannampilly, Kallettumkara | 10,000 |
| 6 | Families of Puthussery Perepadan Family Trust | 10,000 |
| 7 | Rev. Fr. Vicar & Parishioners, St. Joseph's Church, Maramcode | 10,000 |
| 8 | Members of Mathrusangham, St. Joseph's Church, Maramcode | 5001 |

| | | |
|---|---|---|
| 9 | Catechism Staff, St. Joseh's Church, Maramcode | 5,000 |
| 10 | Kandamkulathi Pathrose Wilson, Kuzhur | 25,000 |
| 11 | Mr. C.D. Varghese, Chakkalakkal, Kuzhur | 12,000 |
| 12 | Rev. Fr. George Mangalan, St. Xavier's Church, S. Thanissery | 60,000 |
| 13 | Panthallookaran Lonappan Sons, Kodakara | 10,000 |
| 14 | Mr. K.A. James Kanichai, Pazhookara | 1,00,000 |
| 15 | Mr. Lawrence E.A. Edappilly, Kottanellur | 6,000 |
| 16 | Rev. Fr. Rector & Community, St. Joseph's Minor Seminary, Tellicherry | 5,000 |
| 17 | Mr. K.L. John Kallukaran, Cherpu | 12,000 |
| 18 | Rev. Fr. Thomas Thadikkaran, St. Joseph Bhavan, Chalakudy | 10,000 |
| 19 | Vicar & Parishioners, St. Mary's Church, Nandikara | 21,010 |
| 20 | Mr. Thomas T.R. Thathampilly, Aripalam | 5,000 |
| 21 | Mrs. Mary John Mukkattukarakaran, Thumboor | 12,000 |
| 22 | Sponsor Coupon, Kattoor | 12,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

# സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. പോൾ ആലപ്പാട്ട് | 26-01-1981 |
| റവ. ഫാ. ജോൺ അമ്പൂക്കൻ | 05-01-1998 |
| റവ. ഫാ. ജെയിംസ് എളങ്കുന്നപ്പുഴ | 09-01-2001 |
| റവ. ഫാ. ജോൺ അരിക്കാട്ട് | 10-01-2002 |
| റവ. ഫാ. ജോസഫ് കിഴക്കുംതല | 04-01-2003 |
| റവ. ഫാ. ജോസഫ് മാളിയേക്കൽ | 05-01-2011 |

# സോഷ്യൽ ആക്ഷൻ

1. ജനുവരി 7-ന് ഹൈസ്ക്കൂൾ ഹയർ സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി കാറളം V.H.S.S.-ൽവച്ച് കരിയർ ഗൈഡൻസ് ക്ലാസ്സ്.
2 ജനുവരി 21-ന് മഴവില്ല് പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഹൈസ്ക്കൂളിൽവച്ച് SSLC വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സ്. 410 പേർ പങ്കെടുക്കുന്നു.
3 ജനുവരി 3-ാം വാരത്തിൽ അവിട്ടത്തൂർ LBSMHSSൽ പ്ലസ്ടു വിദ്യാർത്ഥികൾക്കായി 200 പേർ പങ്കെടുക്കുന്ന കരിയർ ഗൈഡൻസ് ക്ലാസ്സ് 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി.
4 ഫെബ്രുവരി 25-ന് രാവിലെ 9.30 മുതൽ 3.30 വരെ ചാലക്കുടി ഫൊറോന പാരിഷ്ഹാളിൽവച്ച് Save a Family പദ്ധതിയിലെ 260 കുടുംബങ്ങളിൽനിന്നുള്ള 825 പേർ പങ്കെടുക്കുന്ന വാർഷിക സമ്മേളനം.
5 പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 50 ഗ്രാമശ്രീ സ്വാശ്രയസംഘങ്ങൾക്ക് 20,000 രൂപ വീതം വരുമാന ദായക ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് രാംഘട്ട വായ്പാവിതരണം.
6 ജനുവരി 12-ന് ഇരിങ്ങാലക്കുട ഗവ. ബോയ്സ് ഹൈസ്ക്കൂളിൽ കരിയർ ഗൈഡൻസ് ക്ലാസ്സ്.
7 ജനുവരി 6-ന് 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി ഗവ. ബോയ്സ് ഹൈസ്ക്കൂളിൽ ശ്രീമതി പ്രിയ ഷിനിൽ നയിക്കുന്ന വ്യക്തിത്വവികസന സെമിനാർ.
8 ജനുവരി 16-ന് ഗവ. ബോയ്സ് ഹൈസ്ക്കൂളിൽ ശ്രീമതി ഷാന്റി ബൈജു നയിക്കുന്ന Workshop on Memory & Power
9 'മഴവില്ല്' പദ്ധതിയിലെ തെരഞ്ഞെടുത്ത 7 ഹൈസ്ക്കൂളുകളിൽ 'കൗമാരപ്രായക്കാരുടെ പ്രശ്നങ്ങളും പ്രതിവിധികളും' എന്ന വിഷയത്തിലൂന്നി ജനുവരിയിൽ സമയബന്ധിതമായി ബോധവൽക്കരണ ക്ലാസ്സുകൾ.
10 Book-Binding Training & Production Unit-ന്റെ ഉദ്ഘാടനം ജനുവരി 10-ന് അഷ്ടമിച്ചിറ സാൻജോ കോംപ്ലക്സിൽ.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

# സഭാവാർത്തകൾ

1 **കാത്തിരിക്കുന്ന ദൈവത്തെ കണ്ടെത്തലാണ് ക്രിസ്മസ്- മാർപാപ്പ**

ജീവിക്കുന്ന ദൈവത്തെ തേടുകയും കണ്ടെത്തുകയും ചെയ്യുന്നിടത്താണ് ക്രിസ്മസ് അനുഭവമാകുന്നത്. രക്ഷകന്റെ മനുഷ്യാവതാരത്തിന്റെ ഓർമ്മപുതുക്കൽ മാത്രമല്ല, ക്രിസ്മസ് ആഘോഷം. ജീവിതയാഥാർത്ഥ്യങ്ങളെ വർത്തമാനകാലത്തിൽ നേരിടുവാനും പ്രത്യാശയോടെ അവയെ സമീപിക്കുവാനും ഈ ക്രിസ്മസ് നമ്മെ ഓർമ്മിപ്പിക്കുകയാണ്. നാം തനിച്ചല്ല ദൈവം നമ്മിൽനിന്ന് അകലെയല്ല എന്ന തിരിച്ചറിവാണ് നമുക്കിന്ന് ആവശ്യം. ഇതാണ് ക്രിസ്മസിന്റെ ലക്ഷ്യവും പ്രസക്തിയും. വത്തിക്കാനിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുമായി സംസാരിക്കുമ്പോഴാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഇക്കാര്യം പരാമർശിച്ചത്.

2 **വത്തിക്കാന് അയർലണ്ടിൽ പുതിയ സ്ഥാനപതി**

അയർലണ്ടിലെ പുതിയ വത്തിക്കാൻ സ്ഥാനപതിയായി മോൺ. ചാൾസ് ജെ. ബ്രൗണിനെ മാർപാപ്പ നിയമിച്ചു. വത്തിക്കാൻ - അയർലണ്ട് ബന്ധങ്ങൾ സങ്കീർണ്ണമായിരിക്കുന്ന പശ്ചാത്തലത്തിൽ പുതിയ നിയമനം ശ്രദ്ധേയമായി. 52-കാരനായ മോൺ. ബ്രൗൺ ദീർഘകാലമായി വത്തിക്കാൻ വിശ്വാസകാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരികയാണ്. അമേരിക്കയിലെ ന്യൂയോർക്ക് അതിരൂപതയിലെ വൈദികനാണിദ്ദേഹം

3 **കാർഡിനൽ ഫോളി നിര്യാതനായി**

രണ്ടു ദശാബ്ദത്തിലേറെക്കാലം വത്തിക്കാന്റെ മാധ്യമവിഭാഗത്തിന് നേതൃത്വം നൽകിയ കാർഡിനൽ ജോൺ പി. ഫോളി (78) നിര്യാതനായി. അമേരിക്കക്കാരനായ അദ്ദേഹം ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ വിരമിക്കുമ്പോൾ ജറുസലേം ലത്തീൻ പാത്രിയാർക്കേറ്റിലാണ് സേവനം അനുഷ്ഠിച്ചിരുന്നത്. 1984-ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ് അദ്ദേഹത്തെ മാധ്യമങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ അംഗമായി നിയമിച്ചത്.

4 **മദർ മരിയൻ വിശുദ്ധപദവിയിലേക്ക്**

മൊളോക്കോയിലെ വാഴ്ത്തപ്പെട്ട മരിയൻ കോപ്പെയെ വിശുദ്ധയായി പ്രഖ്യാപിക്കാനുള്ള നടപടികൾ പൂർത്തികാറായി. മദർ മരിയന്റെ മാധ്യസ്ഥത്തിൽ നടന്ന ഒരു രോഗശാന്തി അത്ഭുതമായി വത്തിക്കാൻ അംഗീകരിച്ചു. ന്യൂയോർക്കിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുള്ള മദർ

മരിയൻ ജീവിതത്തിന്റെ അവസാനത്തെ 30 വർഷം മോളോക്കോയിലെ കുഷ്ഠരോഗികളുടെ സേവനത്തിൽ വ്യാപൃതയായിരുന്നു. അവിടെവച്ച് മരിച്ച മദർ സന്യാസസമൂഹത്തിന്റെ മദർ ജനറലായിരിക്കവെ 1883-ലാണ് മൊളോക്കോയിൽ എത്തിയത്.

5 **മാർപാപ്പ ക്യൂബ സന്ദർശിക്കും**

2012-ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ക്യൂബ സന്ദർശിക്കുന്ന കാര്യം ക്യൂബൻ കത്തോലിക്കാ മെത്രാൻ സംഘം സ്ഥിരീകരിച്ചു. ഇവിടത്തെ പ്രസിദ്ധമായ എൽകോബർ ഉപവിമാതാവിന്റെ സ്വരൂപം പ്രത്യക്ഷപ്പെട്ടതിന്റെ 400-ാം വാർഷികത്തോടനുബന്ധിച്ച് ക്യൂബൻ സഭ 2012 മരിയൻ ജൂബിലിവർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ സന്ദർശനം. സർക്കാരിന്റെ പിന്തുണയും ഉള്ളതുകൊണ്ടാണ് ക്യൂബൻ സഭാനേതൃത്വത്തിന്റെ അഭ്യർത്ഥനയനുസരിച്ച് ഈ പരിപാടി പ്ലാൻ ചെയ്തിരിക്കുന്നത്.

6 **സഭകൾ തമ്മിൽ സ്നേഹത്തിന്റെ കൂട്ടായ്മ ശക്തിപ്പെടണം - മേജർ ആർച്ചുബിഷപ്പ്**

കെ.സി.ബി.സി. എക്യുമെനിസം കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച വിവിധ ക്രൈസ്തവസഭാമേലധ്യക്ഷന്മാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്, മാർ ജോർജ്ജ് ആലഞ്ചേരി. കേരളത്തിലെ വിവിധ ക്രൈസ്തവസഭകളുടെ സഹോദരസ്നേഹത്തിന്റെ അനുഭവമാണ് ഈ ഒത്തുചേരൽ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഐക്യത്തിന്റെ ദൗത്യത്തിന് എല്ലാ സഭകളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ ക്രൈസ്തവസഭാമേലധ്യക്ഷന്മാർ പങ്കെടുത്ത് സന്ദേശം നൽകി.

**റവ. ഡോ. ആന്റണി മഞ്ഞളി**

## പ്രത്യേക ശ്രദ്ധയ്ക്ക് (രൂപതാ ഡിറക്ടറി - 2012)

2012-ലേയ്ക്കുള്ള Diocesan Directory-യുടെ DTP ജോലികൾ അവസാനിക്കാറായി. എങ്കിലും **വിവിധ സംഘടനകൾ, സന്യാസസമൂഹങ്ങൾ, പ്രസ്ഥാനങ്ങൾ** തുടങ്ങിയവയുടെ Uptodate Information ഇനിയും ലഭിച്ചിട്ടില്ല. വേഗം അച്ചടി പൂർത്തിയാക്കി ജനുവരി മാസത്തിൽത്തന്നെ വിതരണം ചെയ്യണം. അതിനാൽ ബന്ധപ്പെട്ട അധികാരികൾ ഇക്കാര്യത്തിൽ സത്വരശ്രദ്ധയോടെ സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. Data ആളൂർ BLM പ്രസ്സിൽ എത്തിച്ചാൽ സഹായകമാകും.

**എഡിറ്റർ**

# സെന്റ് പോൾസ് മൈനർ സെമിനാരി

1 ക്രിസ്മസിനൊരുക്കം കുറിക്കുന്ന 'സ്റ്റാർ ലൈറ്റിംഗ്' ചടങ്ങിന് അഭിവന്ദ്യ ജെയിംസ് പിതാവ് നേതൃത്വം നൽകി.

2 മലയാളം സാഹിത്യസമാജം മീറ്റിങ്ങിന് ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോൺവെന്റ് സുപ്പീരിയർ റവ. ഡോ. സി. രശ്മി CHF അദ്ധ്യക്ഷത വഹിച്ചു.

3 ഇംഗ്ലീഷ് സാഹിത്യസമാജം മീറ്റിങ്ങിന് അഡ്വ. ഫിജോ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

4 മാതാവിന്റെ അമലോത്ഭവ തിരുനാളിൽ ബഹു. തോമസ് നാട്ടേക്കാടനച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ജപമാല പ്രദക്ഷിണത്തിനുശേഷം അഭിവന്ദ്യ ജെയിംസ് പിതാവ് പരി. കുർബാനയുടെ ആശീർവ്വാദം നൽകി.

5 അർദ്ധവാർഷിക പരീക്ഷ കഴിഞ്ഞ് ഡിസംബർ 20-ന് ക്രിസ്മസ് അവധി ആരംഭിച്ചു.

6 മാസധ്യാനം നയിച്ചത് റവ. ഡോ. ആന്റു ആലപ്പാടനച്ചൻ.

**സാമ്പത്തികസഹായം നൽകിയവർ**

1 ശ്രീ. ആന്റണി കെ.എഫ്. കണ്ടംകുളത്തി, മാപ്രാണം

2 ശ്രീ. ജോർജ്ജ് അരിക്കാടൻ, കാനഡ (2,50,000)

3 ശ്രീ. കെ. കെ. ജോസ് കാട്ടൂക്കാരൻ, മേലഡൂർ

4 ശ്രീ. ഗ്ലാഡ്സൺ ആന്റണി മാളിയേക്കൽ, വൈന്തല

5 ശ്രീമതി കൊച്ചുത്രേസ്യ ആന്റണി കോമ്പാറക്കാരൻ, വല്ലക്കുന്ന്

6 ശ്രീ. പി.എൽ. ജോസ് പള്ളിത്തറ, മാപ്രാണം

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

ഓരോരുത്തരും മേലധികാരികൾക്ക് വിധേയനായിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവികസംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ തങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും. (റോമാ. 13:1-2)

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

**January 1**

Rev. Fr. George Kandamkulathy

**January 2**

Rev. Fr. Seemon Kanjithara

**January 6**

Rev. Fr. Antony Parambeth

**January 8**

Rev. Fr. Sherens Elamthuruthy

**January 12**

Rev. Fr. Shaju Chirayath

Rev. Fr. Jiji Kunnel

**January 16**

V. Rev. Fr. Vincent Alappatt

Rev. Fr. Binoy Kozhipatt

**January 19**

Rev. Fr. Varghese Palathingal

**January 20**

Rev. Fr. Davis Chenginiyadan

**January 22**

Rev. Fr. Antony Pullokaran

**January 23**

Rev.Fr. Luxy Kadambattuparambil

Rev. Fr. Liju Paul Parambeth

Rev. Fr. Jinu Vennattuparambil

Rev. Fr. Sojo Kannampuzha

**January 26**

Rev. Fr. Roy Panikulangara

**January 30**

Rev. Fr. Wilson Eluvathingal Koonan

Rev. Fr. Lijo Kongoth

**Feast Days**

**January 20**

Rev. Fr. Benny Arimbully

Rev. Fr. Binoy Kozhipatt

Rev. Msgr. Davis Ambooken

Rev. Fr. Davis Kalapurackal

Rev. Fr. Davis Kallingal

Rev. Fr. Davis Kizhakkumthala

Rev. Fr. Davis Koottala

Rev. Fr. Davis Kudiyirickal

Rev. Fr. Davis Malieckal

Rev. Fr. Davis (Riju) Pynadath

Rev. Fr. Davis Thattil

Rev. Fr. Denson Nereparambil

Rev. Fr. Devis Chenginiyadan

Rev. Fr. Jijo Thundathil

Rev. Fr. Jobby Pozholiparambil

Rev. Fr. Joseph Cheruvathur

Rev. Fr. Joy Kadambatt

Rev. Fr. Luxy Kadambattuparambil

Rev. Fr. Sebastian Aricatt

Rev. Fr. Sebastian Ezhekadan

Rev. Msgr. Sebastian Malieckal

Rev. Fr. Sebastian Panjikaran

Rev. Fr. Sebastian Valiyaveettil

Rev. Fr. Sebastian Vazhappilly

Rev. Fr. Seby Kanjilassery

Rev. Fr. Seby Kolangara

Rev. Fr. Seby Nadavaramban

**January 26.**

Rev. Fr. Titus Kattuparambil

# സംഘടനാവാർത്തകൾ

**ജനുവരി**

| | |
|---|---|
| 1. | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 11 | പ്രാർത്ഥനാദിനം - സ്റ്റാഫ് മീറ്റിംഗ് |
| 14-21 | ലഹരിമോചന പരിശീലനക്യാമ്പ് |
| 15 | ജാഗരണപ്രാർത്ഥന |
| 16 | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| 21 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| 23-25 | ഫീൽഡ് വിസിറ്റ് |
| 28-29 | സ്ത്രീകളുടെ ക്യാമ്പ് |
| 31 | ഔട്ട്റീച്ച് പ്രോഗ്രാം |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## തിരുബാലസഖ്യം

പ്രിയ അച്ചാ / സിസ്റ്റർ,

തിരുബാലസഖ്യത്തിൽനിന്ന് ക്രിസ്മസ് പുതുവത്സര ആശംസകൾ. Children Army Fest 2011 ഡിസംബർ 3-ാം തിയ്യതി ആളൂർ MTC (BLM)ൽ വെച്ച് നടന്നു. 700 കുട്ടികൾ പങ്കെടുത്തു. ശ്രീ. U.T. ഫ്രാൻസിസ് ക്ലാസ് നയിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് സന്ദേശം നൽകി. കലോത്സവ വിജയികൾക്ക് സമ്മാനവും, പേപ്പൽ സ്കോളർഷിപ്പും നൽകി.

NB: അന്നേദിവസം എടുത്ത ഫോട്ടോകൾ എത്തിയിട്ടുണ്ട്. ജനുവരി 7-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 am to 12 noon വരെ ആളൂർ MTC തിരുബാലസഖ്യം ഓഫീസിൽനിന്ന് വാങ്ങികൊണ്ടുപോകാവുന്നതാണ്.

**ഫാ. ഷിബു നെല്ലിശ്ശേരി**
ഡയറക്ടർ

# ബി.എൽ.എം. ധ്യാനകേന്ദ്രം

ആളൂർ ബി.എൽ.എം ധ്യാനകേന്ദ്രത്തിലെ ജനുവരി മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ

| | | |
|---|---|---|
| 5, 6, 7, 8 | - | ആന്തരികസൗഖ്യധ്യാനം |
| 12, 13, 14, 15 | - | യുവജനധ്യാനം |
| 19, 20, 21, 22 | - | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| 26, 27, 28, 29 | - | ആന്തരികസൗഖ്യധ്യാനം |

**ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ മറ്റു ശുശ്രൂഷകൾ**

* **നിത്യാരാധനയും മധ്യസ്ഥപ്രാർത്ഥനയും**
  എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകീട്ട് 4 മണിവരെ വചന പ്രഘോഷണവും ദിവ്യകാരുണ്യസൗഖ്യാരാധനയും.
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ.
* **വിധവകളുടെ ഏകദിന ധ്യാനം**
  രണ്ടാം തിങ്കളാഴ്ച (9.1.2012) രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 മണി വരെ
* **ഏകസ്ഥരുടെ കൂട്ടായ്മ**
  മൂന്നാമത്തെ തിങ്കളാഴ്ച (16.1.2012) രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 മണി വരെ
* **ജാഗരണ പ്രാർത്ഥന**
  രണ്ടാമത്തെ ചൊവ്വാഴ്ച (10.1.2012) എല്ലാ മാസത്തിലെയും രണ്ടാമത്തെ ചൊവ്വാഴ്ച വൈകീട്ട് 6 മുതൽ രാവിലെ 6 വരെ.

# കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം**

രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 2 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 3 വരെ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമാചരിക്കുന്നു. ഇടവക പ്രാർത്ഥനാഗ്രൂപ്പംഗങ്ങൾ, സോൺ, സബ്സോൺ സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സി.എൽ.എ.

### CLA (KLM) ജില്ലാ സമ്മേളനം

തൃശ്ശൂർ, ഇരിങ്ങാലക്കുട രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ തൃശ്ശൂർ ടൗൺഹാളിൽ ഡിസംബർ 18 ഞായറാഴ്ച 2 മണിക്ക് CLA (KLM) ജില്ലാ സമ്മേളനം ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി.എൻ, ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ മുഖ്യപ്രഭാഷണം നടത്തിയ പൊതു സമ്മേളനത്തിൽ KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. ബെന്നി പി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. KLM സംസ്ഥാന സെക്രട്ടറി ശ്രീ. ഷാജു ആന്റണി ആമുഖപ്രഭാഷണവും, MLA മാരായ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം. പി. വിൻസന്റ് തുടങ്ങിയവരും മോൺ. ജോസ് ഇരിമ്പൻ (വികാരി ജനറാൾ, ഇരിങ്ങാലക്കുട രൂപത) മോൺ. ജോർജ്ജ് എടക്കളത്തൂർ (വികാരി ജനറാൾ തൃശ്ശൂർ അതിരൂപത), റവ. ഡോ. ആന്റോ കരിപ്പായി (CLA ഡയറക്ടർ, ഇരിങ്ങാലക്കുട രൂപത), എന്നിവർ സന്ദേശം നൽകി. റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ (ഡയറക്ടർ KLM തൃശ്ശൂർ അതിരൂപത) സ്വാഗതവും ശ്രീ. ജോൺ കെന്നഡി (KLM സംസ്ഥാന സെക്രട്ടറി) നന്ദിയും രേഖപ്പെടുത്തി.

### തയ്യൽ തൊഴിലാളി ക്ഷേമനിധി കാർഡു വിതരണം

തയ്യൽ തൊഴിലാളി ക്ഷേമനിധി കാർഡ് വിതരണം ഡിസംബർ 12-ന് 3 മണിക്ക് മാർത്തോമ സെന്റർ ഹാൾ, ആളൂരിൽവെച്ച് റവ. ഫാ. ബെന്നി കരിമാലിക്കൽ ഉദ്ഘാടനം ചെയ്തു. CLA ഡയറക്ടർ റവ. ഫാ. ആന്റോ കരിപ്പായി അദ്ധ്യക്ഷത വഹിച്ചു. 91 തൊഴിലാളികൾക്ക് കാർഡ് വിതരണം ചെയ്ത യോഗത്തിൽ ശ്രീ. കെ.വി. ജോണി, ശ്രീ. ആന്റണി മല്പാൻ, ശ്രീ. വി.എ. സൈമൺ (ട്രഷറർ) എന്നിവർ പ്രസംഗിച്ചു. ശ്രീ. ഇ.സി. ആന്റോ (പ്രസിഡന്റ് CLA ഇരിങ്ങാലക്കുട) സ്വാഗതവും, ശ്രീമതി ലീന ജോർജ്ജ് (പ്രസിഡന്റ് തയ്യൽ തൊഴിലാളി ഇരിങ്ങാലക്കുട രൂപത) നന്ദിയും രേഖപ്പെടുത്തി.

### കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി കാർഡു വിതരണം

കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി കാർഡു വിതരണം

നവംബർ 15-ന് 10 മണിക്ക് റവ. ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട് (ബി.എൽ.എം. ഡയറക്ടർ) ഉദ്ഘാടനം ചെയ്തു. ആളൂർ മാർത്തോമ സെന്ററിൽ നടന്ന ചടങ്ങിൽ 307 തൊഴിലാളികൾക്ക് കാർഡ് വിതരണം ചെയ്തു. റവ. ഫാ. ആന്റോ കരിപ്പായി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ജോൺ കെന്നഡി (CLA ജനറൽ സെക്രട്ടറി) KLM സുരക്ഷയെക്കുറിച്ച് വിശദമായി സംസാരിച്ചു. CLA പ്രസിഡന്റ് ശ്രീ. ഇ.സി. ആന്റോ സ്വാഗതവും (ട്രഷറർ) വി.എ. സൈമൺ നന്ദിയും രേഖപ്പെടുത്തി.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

---



## സ്പിരിച്ചാലിറ്റി സെന്റർ

1 **വിധവാസംഗമം :** ജനുവരി 2-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവകകളിലും ഉള്ളവർക്ക്)

2 **ബി. പ്ലസ് കൂട്ടായ്മ :** ജനുവരി 3-ാം തിയ്യതി ആദ്യ ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

3 **ജെറീക്കോ പ്രാർത്ഥന :** ജനുവരി 14-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8.30ന് സമാപിക്കുന്നു.

4 **പ്രേഷിത കൂട്ടായ്മ :** ജനുവരി 26-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30-ന്

5 **അഖണ്ഡ ജപമാല :** ജനുവരി 29-ാം തിയ്യതി ഞായറാഴ്ച രാവിലെ 10-ന് ആരംഭിച്ച് വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

6 ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ദിവസം മുൻകൂട്ടി അറിയിക്കുന്നതാണ്. ഭക്ഷണവും ഇവിടെ ഒരുക്കുന്നതായിരിക്കും.

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

# ചെന്നൈ മിഷൻ

**ദമ്പതീസംഗമം**

1. വർഷംതോറും മിഷനിൽ നടത്തിവരുന്ന ദമ്പതീസംഗമം ജനുവരി 15-ാം തിയ്യതി അത്തിപ്പെട്ട് ദേവാലയത്തിലും ജനുവരി 22-ാം തിയ്യതി കീഴ്ക്കട്ട്ളൈ ഹോളിഫാമിലി സ്കൂൾ ഓഡിറ്റോറിയത്തിലും വെച്ച് നടത്തുന്നു.

**തിരുനാളുകൾ**

1. ഒട്ടേരി ഇടവകയുടെ മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 22-ാം തിയ്യതി ഞായറാഴ്ച ആഘോഷിക്കുന്നു.
2. വി. സെബസ്ത്യാനോസിന്റെ തിരുനാൾ അയനാവരത്ത് ജനുവരി 15-ാം തിയ്യതി ഞായറാഴ്ച ആഘോഷിക്കുന്നു.
3. CRPF ആവഡി യൂണിറ്റിന്റെ മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ഫെബ്രുവരി 5-ാം തിയ്യതി. അന്നുതന്നെ റോയ്പ്പേട്ടയിലും വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കുന്നു.

**ഇടവകദിനം**

1. ജനുവരി 26-ാം തിയ്യതി ഒട്ടേരിയിൽ ഇടവകദിനവും സമ്മാനകൂപ്പൺ നറുക്കെടുപ്പും നടത്തുന്നു.
2. മുഗപ്പെയറിൽ ഇടവകദിനം ജനുവരി 29-ന് ആഘോഷിക്കുന്നു.

**മോൺ. ജോസ് പാലാട്ടി**
ചെന്നൈമിഷൻ കോ-ഓർഡിനേറ്റർ

---

# സാൻജോസദൻ

**ജനുവരി 2012**

| | |
|---|---|
| 6 | സ്റ്റാഫ് മീറ്റിംഗ് |
| 8 | ഫോളോ അപ്പ് പ്രോഗ്രാം |
| 10 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 11 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 20 | പ്രാർത്ഥനാദിനം |
| 25 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

# അവാർഡ്

**I. New Year Programme :** അവാർഡിന്റെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സഹായവും ചെയ്തുതന്നിട്ടുള്ള എല്ലാ ഉപകാരികളെയും അനുസ്മരിച്ചുകൊണ്ട് ജനുവരി 2-ന് പരിയാരം CSR-ൽ വെച്ച് ദിവ്യബലിയർപ്പണവും, ടീമംഗങ്ങൾക്ക് 'മോട്ടിവേഷൻ' ക്ലാസ്സും നടത്തപ്പെടുന്നു. കൂടാതെ 2011-ലെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് പുതുവർഷത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നതിനുള്ള അവാർഡ് ടീം മീറ്റിംഗ് CSRൽവെച്ച് നടത്തപ്പെടുന്നു.

**2. Participatory Monitoring & Evaluation :** ഓരോ ടീമംഗത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആവശ്യമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ടീം 29-ാം തിയ്യതി അവാർഡിൽ ഒത്തുചേരുന്നു.

## II. Family Development Department

1 **Awareness Prog :-** വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ ആശാ വർക്കേഴ്സിനുവേണ്ടി 22-ാം തിയ്യതി 'സ്ത്രീകളും ഗാർഹികാതിക്രമ നിയമങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. ജിഷ മനോജ് ക്ലാസ്സ് നയിക്കുന്നു.

2. **School College Level Counselling :-** ചാലക്കുടി SH കോളേജിൽ വെച്ച് എല്ലാ വ്യാഴാഴ്ചകളിലും, National Boys HSS-ൽവച്ച് എല്ലാ വെള്ളിയാഴ്ചകളിലും കൗൺസലിംഗ് നടത്തുന്നു.

## III. Research & Training Dept.

1 **Training Prog :-** ചാലക്കുടി ITI യിലെ NNS വിദ്യാർത്ഥികൾക്കുവേ ഗവ. ഗേൾസ് ഹൈസ്ക്കൂളിൽവച്ച് 27, 29 തിയ്യതികളിലായി 'യുവാക്കളും വെല്ലുവിളികളും, 'സമൂഹവും സന്നദ്ധസംഘടനയും' എന്നീ വിഷയത്തെക്കുറിച്ച് അവാർഡ് ക്ലാസ്സുകൾ നയിക്കുന്നു.

2 **Block Placement :-** തൃക്കാക്കര ഭാരത് മാതാ കോളേജിൽനിന്ന് 2 MSW വിദ്യാർത്ഥികളും IGNOU Depaul; Angamaly-യിൽനിന്ന് 6 വിദ്യാർത്ഥികളും അവാർഡിൽ Placement നടത്തുന്നു.

3 **Training Prog. :-** അളഗപ്പ ത്യാഗരാജ പോളിടെക്നിക്ക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ 20, 27 തിയ്യതികളിലായി "Budding, Grafting, Layering", "ആന്തൂറിയം പുഷ്പകൃഷി" ഈ വിഷയത്തെക്കുറിച്ച് പുൽപ്പാറക്കുന്ന് ആവേ മരിയ TTI-യിൽവച്ച്

ശ്രീ. പോൾ പാലാട്ടി, ശ്രീ. ലോന കരിപ്പായി, ശ്രീ. മനു പാലിശ്ശേരി എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.

## IV. Community Based Rehabilitation Prog.

1. **Annual General Body :-** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 5 സർഗ്ഗകൾ അവരുടെ വാർഷികം ആഘോഷിക്കുന്നു
2. **New Year Celebration :-** അവാർഡിന്റെ സർഗ്ഗകൾ പുതുവർഷം ആഘോഷിക്കുന്നു.
3. **തീർത്ഥയാത്ര :** സർഗ്ഗ അംഗങ്ങൾ ഭരണങ്ങാനം, വല്ലാർപാടം തുടങ്ങിയ തീർത്ഥകേന്ദ്രങ്ങൾ സന്ദർശിക്കുന്നു.

## V. Community Based Organisation

1. **Awareness Prog. :-** അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെ ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി 'കൗമാരപ്രശ്നങ്ങളും അവരുടെ വ്യക്തിത്വവികസനവും' എന്ന വിഷയത്തെക്കുറിച്ച് Sr. ജോഫി ജീസ്, Mrs. ജിബി ഷഗീർ എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.
2. **Collache Prog. :-** അവാർഡിന്റെ ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി 'ജീവിതശൈലിയും ആരോഗ്യപ്രശ്നങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി 26-ന് കൊളാഷ് സംഘടിപ്പിച്ചിരിക്കുന്നു.
3. **Republic Day Celebration :-** അവാർഡിന്റെ നേതൃത്വത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലെയും ദേശംവികസന സംഘടനകൾ 26-ാം തിയ്യതി റിപ്പബ്ലിക്ദിനം ആഘോഷിക്കുന്നു.

## VI. Agricultural Department

1. **നീർത്തട ഗ്രാമസഭ :-** കൊടകര, ആളൂർ, മുരിയാട് ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന കാരത്തോട് നീർത്തട വികസനപദ്ധതിയുടെ നീർത്തടഗ്രാമസഭ പുൽപ്പാറക്കുന്ന് കമ്മ്യൂണിറ്റി ഹാളിൽവച്ച് 21-ാം തിയ്യതി നടത്തുന്നു.
2. **അരീക്കൽതോട് നീർത്തട ഗ്രാമസഭ :-** വേളൂക്കര, പുത്തൻചിറ, വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തടപദ്ധതിയുടെ ഗ്രാമസഭ പട്ടേപ്പാടം സ്ക്കൂളിൽവച്ച് 30-ാം തിയ്യതി നടത്തപ്പെടുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ജനുവരി 2012**

| | | |
|---|---|---|
| 1 | 10.00 am | കൈതാരം, നോർത്ത് പറവൂർ |
| | 5.00 pm | ഡോൺബോസ്കോ, ഇരിങ്ങാലക്കുട |
| | 6.45 pm | പറപ്പൂക്കര ഫൊറോന പള്ളി |
| 2 | 9.00 am | കത്തീഡ്രൽ പള്ളി |
| | 2.30 pm | സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി |
| | 4.00 pm | CMI പബ്ലിക് സ്ക്കൂൾ, ഇരിങ്ങാലക്കുട |
| | 6.00 pm | അരൂർമുഴി പള്ളി |
| 3 | | സന്ദർശകദിനം |
| 4 | 10.00 am | എളമക്കര പള്ളി |
| | 12.00 noon | W. ചാലക്കുടി പള്ളി |
| | 2.00 pm | കുഴിക്കാട്ടുശ്ശേരി കോൺവെന്റ് |
| 5 | 10.00 am | രൂപതാഭവനം |
| | 5.00 pm | പാലാരിവട്ടം പള്ളി |
| 6 | | പ്രാർത്ഥനാദിനം |
| 7 | 9.30 am | തെക്കൻ താണിശ്ശേരി പള്ളി |
| 8 | 6.30 am | ആളൂർ സെന്റ് മേരീസ് കുരിശുപള്ളി |
| | 10.00 am | കത്തീഡ്രൽ, ഇരിങ്ങാലക്കുട |
| | 4.00 pm | സെന്റ് മേരീസ് പള്ളി, കുഴിക്കാട്ടുശ്ശേരി |
| 9–13 | | സിനഡ് |
| 14 | 9.00 am | വടവാതൂർ സെമിനാരി, കോട്ടയം |
| | 6.00 pm | ഡിപോൾ പ്രൊവിൻഷ്യൽ ഹൗസ്, പോട്ട |
| 15 | | ഇടയസന്ദർശനം – തുമ്പരശ്ശേരി പള്ളി |
| 16 | 6.30 am | ആളൂർ പള്ളി |
| | 2.00 pm | കരാഞ്ചിറ ഹോസ്പിറ്റൽ |
| 17 | | സന്ദർശകദിനം |
| 18 | 11.00 am | കല്ലേറ്റുംകര പള്ളി |
| | 1.30 pm | സൊക്കോർസോ സ്ക്കൂൾ, മാള |
| | 4.30 pm | സെന്റ് ആന്റണീസ് സ്കൂൾ, തെക്കൻ താണിശ്ശേരി |
| 19 | 2.00 pm | BVM സ്കൂൾ, കല്പറമ്പ് |
| | 4.30 pm | സെന്റ് ആന്റണീസ് സ്കൂൾ, കോട്ടാറ്റ് |
| 20 | | പ്രാർത്ഥനാദിനം |

| | | |
|---|---|---|
| 21 | 9.00 am | പുത്തൻചിറ ഫൊറോന പള്ളി |
| | 2.00 pm | മറിയംത്രേസ്യ ഹോസ്പിറ്റൽ, കുഴിക്കാട്ടുശ്ശേരി |
| 22 | 7.00 am | പൂവ്വത്തുശ്ശേരി പള്ളി |
| | 2.30 pm | കുതിരത്തടം പള്ളി |
| 23 | | ഇരിങ്ങാലക്കുട |
| 24 | | സന്ദർശകദിനം |
| 25 | 1.30 pm | സെന്റ് ആന്റണീസ് സ്കൂൾ, മൂർക്കനാട് |
| | 4.30 pm | ഡോൺബോസ്കോ സ്കൂൾ, കൊടകര |
| 26 | 10.00 am | ചങ്ങനാശ്ശേരി |
| | 5.00 pm | കുറ്റിക്കാട് ഫൊറോന പള്ളി |
| 27 | | പ്രാർത്ഥനാദിനം |
| 28 | 12.00 noon | സെന്റ് ജോസഫ് കോൺവെന്റ്, ഇരിങ്ങാലക്കുട |
| | 2.00 pm | S.H. കോളേജ്, ചാലക്കുടി |
| | 5.00 pm | ഡോൺബോസ്കോ സ്കൂൾ, ഇരിങ്ങാലക്കുട |
| 29 | | ചെന്നൈ |
| 30 | | ചെന്നൈ |

31 – ഫെബ്രുവരി 7 CBCI മീറ്റിംഗ്, ബാംഗ്ലൂർ

## ഇടയന്റെ ഇന്നലെകൾ

**ഡിസംബർ 2011**

| | | |
|---|---|---|
| 1 | 10.30 am | ഇരിങ്ങാലക്കുട പ്രൊവിഡൻസ്ഹൗസിൽ മോൺ. സക്കറിയാസ് വാഴപ്പിള്ളിയുടെ 22-ാം ചരമവാർഷികത്തിൽ വി. ബലി അർപ്പിച്ചു. |
| | 2.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 2 | 10.00 am | കല്ലേറ്റുംകര പാക്സിൽ സെമിനാറിൽ പങ്കെടുത്തു. |
| | 2.00 pm | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ 'ബത്‌ലഹേം 2011' ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 3 | 10.00 am | പഴൂക്കര സേവനഗിരിയിൽ റവ. ഫാ. പോൾ കൊടിയൻ CMI-യുടെ മരണവാർഷികത്തിന് വി. ബലിയർപ്പിച്ചു; അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 2.00 pm | ആളൂർ മാർതോമാ സെന്ററിൽ തിരുബാലസഖ്യം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സമ്മാനദാനം നിർവ്വഹിച്ചു. |

| | | |
|---|---|---|
| | 3.30 pm | ബ്ലസ് എ ഹോം ആനിമേറ്റേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 4 | | നന്തിക്കര ഇടവകയിൽ ഇടയസന്ദർശനം നടത്തി. ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു. |
| 5 | 6.45 am | ആളൂർ തിരുഹൃദയഭവനത്തിൽ വി. ബലിയർപ്പിച്ചു. |
| | 10.15 am | ചാലക്കുടി കാർമ്മൽ സ്ക്കൂളിൽ അവാർഡിന്റെ നേതൃത്വത്തിൽ നടത്തിയ സർഗ്ഗ മീറ്റ് ഉദ്ഘാടനം ചെയ്തു. |
| | 12.00 noon | ആളൂർ BLM-ൽ രൂപതയിലെ മതബോധന അദ്ധ്യാപക പ്രാർത്ഥനാസംഗമത്തിൽ വി. ബലിയർപ്പിച്ചു. |
| | 4.00 pm | സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 6 | 6.45 am | കല്ലേറ്റുംകര PACS-ൽ വി. ബലിയർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| 7 | 10.00 am | ഇരിങ്ങാലക്കുട രൂപതയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| | 1.00 pm | രൂപതയിലെ വൈദികസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| | 4.30 pm | ചാലക്കുടിയിലെ പൗരാവലി സംഘടിപ്പിച്ച മുല്ലപ്പെരിയാർ ഐക്യദാർഢ്യ ഉപവാസത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 8 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. |
| | 9.30 am | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ പുസ്തകമേള ഉദ്ഘാടനം ചെയ്തു. |
| | 10.30 am | തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| | 11.30 am | നെല്ലായി നിർമ്മല കോൺവെന്റിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| 9 | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| 10 | 10.00 am | രൂപതാഭവനത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 6.30 pm | കല്ലേറ്റുംകര പാക്സിൽ രൂപതാ ഏകോപന സമിതിയുടെ നേതൃത്വത്തിൽ നടന്ന ധ്യാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |

11. 6.45 a.m മാപ്രാണം ഹോളിക്രോസ് ദേവാലയത്തിൽ തിരുശേഷിപ്പ് പ്രതിഷ്ഠയുടെ കർമ്മങ്ങളിൽ മേജർ ആർച്ചുബിഷപ്പിനോടൊപ്പം പങ്കെടുത്തു.

10.00 am ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിൽ രൂപതയിലെ മതബോധനം 12-ാം ക്ലാസ്സ് വിദ്യാർത്ഥി കളുടെ സംഗമം 'Blessings 2011' ഉദ്ഘാടനം ചെയ്തു.

12.00 noon 'Blessings 2011' മതബോധന കൺവെൻഷനിൽ വി. കുർബാന അർപ്പിച്ചു.

4.00 pm ഇരിങ്ങാലക്കുട ശാന്തിസദനത്തിൽ 'ഹോംഡേ' ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു; പൊതുയോഗം ഉദ്ഘാടനം ചെയ്തു.

12. 10.30 am ആളൂർ തിരുഹൃദയഭവനത്തിൽ നാലാം വർഷ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി.

5.00 pm കുറ്റിച്ചിറയിൽ പൗരാവലി സംഘടിപ്പിച്ച മുല്ലപ്പെരിയാർ ഐക്യദാർഢ്യ ഉപവാസ സമരത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

6.30 pm ചാലക്കുടി സെന്റ് ജോസഫ് ഭവനം സന്ദർശിച്ചു.

13. 6.30 am കല്ലേറ്റുംകര PACS-ൽ വി. ബലി അർപ്പിച്ചു.

9.00 am സന്ദർശകരെ സ്വീകരിച്ചു.

3.00 pm പാലാരിവട്ടം POC-യിൽ KCBC മീറ്റിംഗിൽ പങ്കെടുത്തു.

14-15 KCBC മീറ്റിംഗ്

16. 6.45 am ആനന്ദപുരം സാൻജോസദനിൽ വി. ബലി അർപ്പിച്ചു.

9.00 am സന്ദർശകരെ സ്വീകരിച്ചു.

10.00 am തളിയത്ത് ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

11.30 am ട്രിബ്യൂണൽ മീറ്റിംഗിൽ പങ്കെടുത്തു.

2.30 pm രൂപതാഭവനത്തിൽ നടന്ന ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

3.30 pm രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജർമാരുടെ യോഗത്തിൽ അദ്ധ്യക്ഷനായി.

4.30 pm ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ റവ. സി. മരിയ റാഫി CMC-യുടെ മൃതദേഹ

| | | |
|---|---|---|
| | | സംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 5.30 pm | പുൽപ്പാറക്കുന്നിൽ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| | 6.30 pm | ആളൂർ BLM ധ്യാനകേന്ദ്രത്തിൽ സന്ദേശം നൽകി. |
| 17 | 9.00 am | തൃശ്ശൂരിൽ സംഘടിപ്പിച്ച നികുതിബോധവൽക്കരണ സെമിനാറിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 10.30 am | വേലൂർ FATRI-യുടെ രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്ത് വി. കുർബാന അർപ്പിച്ചു. |
| | 2.30 pm | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ 'ലോഗോസ് 2011' അവാർഡ്ദാനസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 18. | | ചെന്നൈ സീറോമലബാർ കാത്തലിക് ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 19 | 10.00 am | ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയിൽ പി.ജി. കോഴ്സുകൾ ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 20 | 6.30 am | കല്ലേറ്റുംകര PACS-ൽ വി. ബലി അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| 21 | | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 12.30 pm | മാള ജീസസ് B.Ed. കോളേജിൽ 'കോളേജ് കൗൺസിൽ' ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | രൂപതാ ആലോചനസമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.30 pm | രൂപതാ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷനായി. |
| | 7.00 pm | കല്ലേറ്റുംകര PACS-ൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 22 | 10.30 am | ആളൂർ മാർതോമാ സെന്ററിൽ ഫ്രാൻസിസ്കൻ അല്മായ സഭയുടെ യോഗം ഉദ്ഘാടനം ചെയ്തു. |
| | 11.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാരുടെ സംഗമത്തിൽ പങ്കെടുത്തു. |
| | 5.00 pm | മോതിരക്കണ്ണി പള്ളിയിൽ വി. ബലി അർപ്പിച്ചു; |

| | | |
|---|---|---|
| | | മതബോധനഹാളിന്റെ ശില വെഞ്ചരിച്ചു. |
| 23 | 12.30 pm | സഹൃദയ എൻജിനീയറിംഗ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 4.30 pm | ഇഞ്ചക്കുണ്ട് ഇടവകയുടെ പുതിയ സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. |
| | 10.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ CLC-യുടെ കരോൾ മത്സരത്തിന്റെ സമ്മാനദാനം നിർവ്വഹിച്ചു. |
| 24 | 11.30 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ക്രിസ്തുമസ് കുർബാന അർപ്പിച്ചു. |
| 25 | 10.00 am | ഇരിങ്ങാലക്കുട സബ് ജയിലിൽ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു. |
| | 7.00 pm | മാളയിൽ 'ക്രിസ്തുമസ് രാവ്' ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 26 | 9.00 am | കരാഞ്ചിറ പള്ളിയിൽ ഡീക്കൻ ഡെയ്സൻ കവലക്കാട്ടിന് തിരുപ്പട്ടം നൽകി. |
| | 2.30 pm | ആനന്ദപുരം ചെറുപുഷ്പം ദേവാലയം വെഞ്ചരിച്ചു. പൊതുയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. |
| 27 | 9.00 am | മാരാംകോട് പള്ളിയിൽ ഡീക്കൻ ജിന്റോ വേരൻപിലാവിന് തിരുപ്പട്ടം നൽകി. |
| | 2.00 pm | ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ ഉദയ CMC സന്യസ്തരുടെയും മാതാപിതാക്കളുടെയും കുടുംബകൂട്ടായ്മയിൽ സന്ദേശം നൽകി. |
| | 3.00 pm | മൈനർ സെമിനാരിയിൽ അൾത്താരസംഘം കൺവെൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 4.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകയിലെ യുവജന സംഗമത്തിൽ സന്ദേശം നൽകി. |
| 28 | 9.00 am | കുണ്ടൂർ പള്ളിയിൽ ഡീക്കൻ ലിന്റോ തളിയനായത്തിന് തിരുപ്പട്ടം നൽകി. |
| | 2.00 pm | കുമ്പിടി പള്ളിയിൽ ഡീക്കൻ ജിന്റോ കാരേക്കാട്ട് CMI-യ്ക്ക് തിരുപ്പട്ടം നൽകി. |
| | 6.00 pm | പുല്ലൂർ ഇടവകയിൽ കാര്യാലയം ആശീർവ്വദിച്ചു. |
| 29 | 9.00 am | മാപ്രാണം പള്ളിയിൽ ഡീക്കൻ സിബു കള്ളാപറമ്പിലിന് തിരുപ്പട്ടം നൽകി. |

| | | |
|---|---|---|
| 30 | 7.00 am | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മതബോധന കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.00 pm | ഒളരിക്കര പള്ളിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന കുടുംബകൂട്ടായ്മ-സംഘടനാദിനത്തിന് അധ്യക്ഷപ്രസംഗം നടത്തി. |
| 31 | 9.00 am | മോതിരക്കണ്ണി പള്ളിയിൽ ഡീക്കൻ ജോബി മേനോത്തിന് തിരുപ്പട്ടം നൽകി. |
| | 11.00 am | കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നടത്തി. പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |




സമാഗതമായ പുതുവർഷത്തിന്റെ
മംഗളങ്ങളും നന്മകളും
ദൈവാനുഗ്രഹങ്ങളും
ഏവർക്കും നേരുന്നു.

എഡിറ്റോറിയൽ ബോർഡ്